# മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി

# സോഷ്യൽ ഓഡിററ് സൊസൈററി, കേരള.

**ആലപ്പുഴ ജില്ല**

## സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട്

**1/10/2019-31/03/2019**

**ബ്ലോക്ക് :കഞ്ഞിക്കുഴി**

**ഗ്രാമ പഞ്ചായത്ത് :കടക്കരപ്പള്ളി**

**വാർഡ് : 2**

# ഉള്ളടക്കം

1. സോഷ്യൽ ഓഡിറ്റ്............................................3

2. പ്രവർത്തികൾ....................................................4

3. 7 രജിസ്റ്ററുകൾ....................................................6

4. ഫയൽ പരിശോധന...........................................8

5. ഫീൽഡ് പരിശോധന.........................................12

6. അവകാശ നിഷേധങ്ങൾ...................................17

7. നിരീക്ഷണങ്ങളും കണ്ടെത്തലുകളും............17

8. ഏറ്റെടുക്കാവുന്ന പ്രവർത്തികൾ....................18

9. ഗ്രാമസഭ മിനുട്സ്.................................................19

# സോഷ്യൽ ഓഡിറ്റ്

ഒരു ഗവൺമെൻറ് പദ്ധതിയുടെ നടത്തിപ്പിലൂടെ അവയുടെ പ്രഖ്യാപിത ലക്ഷ്യം എത്രത്തോളം കൈവരിക്കാൻ സാധിച്ചുവെന്നും അതിലൂടെ ഉണ്ടായ സാമൂഹ്യനേട്ടവും, പ്രശസ്തിയും എത്രമാത്രം ആണെന്ന് പൊതുസമൂഹം നേരിട്ട് നടത്തുന്ന അന്വേഷണവും,കണക്കെടുപ്പും,പരിശോധനയും, വിലയിരുത്തലുമാണ് സോഷ്യൽ ഓഡിറ്റ്.പൊതുസ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളും പൊതുപദ്ധതികളുടെ നടത്തിപ്പും ജനങ്ങൾക്ക് പ്രയോജനപ്പെടുന്ന വിധത്തിൽ നടപ്പാക്കുന്നതിനും പൊതുഭരണം ജന സൌഹാർദ്ദപരം ആക്കുന്നതിനും വേണ്ടിയുള്ള ജാഗ്രതയാണ് സോഷ്യൽ ഓഡിറ്റ്.

മറ്റ് പദ്ധതികളിൽ നിന്നും തൊഴിലുറപ്പ് പദ്ധതിയെ വ്യത്യസ്തം ആക്കുന്നത് സോഷ്യൽ ഓഡിറ്റാണ്. തൊഴിലുറപ്പ് നിയമത്തിന്റെ 17(2) വകുപ്പിൽ തൊഴിലുറപ്പ് പദ്ധതിയിലൂടെ ഏറ്റെടുത്ത എല്ലാ പ്രവർത്തികളും 6 മാസത്തിലൊരിക്കൽ സോഷ്യൽ ഓഡിറ്റിങ്ങിന് വിധേയമാക്കേണ്ടതാണ്.സോഷ്യൽ ഓഡിറ്റിനുവേണ്ട സൌകര്യങ്ങൾ ചെയ്തുകൊടുക്കുക, രജിസ്റ്ററുകളും റെക്കോഡുകളും ലഭ്യമാക്കുക എന്നിവ ഗ്രാമപഞ്ചായത്തിൻറെ ചുമതലകളാണ്.

മഹാത്മാഗാന്ധി ദേശിയ ഗ്രാമീണതൊഴിലുറപ്പ് പദ്ധതിയിൽ സുഗമവും, സുതാര്യവുമായി സോഷ്യൽ ഓഡിറ്റ് നടത്തുന്നതിന് കേരളത്തിൽ സ്വതന്ത്ര ചുമതലയുള്ള സോഷ്യൽ ഓഡിറ്റ് യൂണിറ്റ് (as per G.O (Rt) No.3906/2015/LSGD,Dated 30.12.2015) 31.01.2017 ൽ നിലവിൽ വന്നു.യൂണിറ്റ് ട്രാവൻകൂർ കൊച്ചിൻ ചാരിറ്റബിൾ സൊസൈറ്റി നിയമം 1955(No.TVM/TC/123/2017) പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ളതാണ്.

കടക്കരപ്പള്ളി പഞ്ചായത്ത് w- 2 ൽ 1/10/2018 മുതൽ 31/03/2019 വരെ പൂർത്തീകരിച്ച 12 പ്രവർത്തികളാണ് സോഷ്യൽ ഓഡിറ്റിന് വിധേയമാക്കിയിട്ടുള്ളത്.

# സോഷ്യൽ ഓഡിററിന് വിധേയമാക്കിയ പ്രവർത്തികൾ

| ക്രമ നം ബർ | പ്രവർത്തിയുടെ പേരും കോഡും | ആരംഭിച്ച തിയതി | അവസാനിച്ച തിയതി | എസ്ററിമേററ് തുക | ചെലവായ തുക |
|---|---|---|---|---|---|
| 1. | ചുള്ളിക്കൽ നടപ്പാത നിർമാണം RC/254187 | 26/03/2019 | 29/03/2019 | 61,870/- | 55,961/- |
| 2. | പച്ചക്കറി കൃഷിക്കായി തരിശു നിലം കൃഷിയോഗ്യമാക്കൽ (P1) LD/230726 | 08/01/2019 | 30/01/2019 | 90,678/- | 73,460/- |
| 3. | ഗ്രൂപ്പ്കൃഷിക്കായി തരിശുനിലം കൃഷിയോഗ്യമാകൽ (P4) LD/230730 | 07/03/2019 | 30/03/2019 | 1,55984/- | 95,411/- |
| 4. | വലിയപറമ്പിൽ ഗ്രാവൽ റോഡ് നിർമാണം RC/276160 | 01/01/2019 | 21/01/2019 | 3,86118/- | 3,75062/- |
| 5. | കാലിതൊഴുത്ത് നിർമാണം (ത്രേസ്യ കോതാട്ട്) IF/365677 | 18/12/2018 | 07/01/2019 | 1,29247/- | 1,26853/- |
| 6. | കക്കൂസ് നിർമാണം (റീത്ത അറക്കൽ)RC/365677 | 3/01/2019 | 16/01/2019 | 31,073/- | 12,000/- |
| 7. | പച്ചക്കറി കൃഷിക്കായി തരിശുനിലം കൃഷിയോഗ്യമാകൽ(P2)LD/ 230728 | 08/01/2019 | 21/02/2019 | 1,20177/- | 11,1129/- |
| 8. | സ്നേഹതീരം തോട് ആഴംകൂടി തീറ്റപ്പുൽ, രാമച്ചം മുതലായവ വെച്ചുപിടിപ്പിക്കൽ WH/225888 | 12/02/2019 | 19/03/2019 | 1,74944/- | 1,52153/- |

| | | | | | |
|---|---|---|---|---|---|
| 9. | ഗ്രൂപ്പ്കൃഷിക്കായി തരിശുനിലം കൃഷിയോഗ്യമാകൽ(P3) LD/230729 | 24/01/2019 | 06/03/2019 | 1,21397/- | 98,392/- |
| 10. | കക്കൂസ് നിർമാണം (റീത്തമ്മ വർഗീസ് കരിയിൽ) RS/337964 | 13/11/2018 | 26/11/2018 | 29,272/- | 12,000/- |
| 11. | ആറാട്ട് കുളം തോട് ആഴംകൂട്ടി വശങ്ങളിൽ തീറ്റപ്പുൽ ,രാമച്ചം മുതലായവ വെച്ചുപിടിപ്പിക്കൽ WH/226220 | 07/03/2019 | 22/03/2019 | 1,25365/- | 95,953/- |
| 12. | ഇത്തിപറമ്പ് തോട് ആഴംകൂട്ടി വശങ്ങളിൽ തീറ്റപ്പുൽ ,രാമച്ചം മുതലായവ വെച്ചുപിടിപ്പിക്കൽ WH/225892 | 26/02/2019 | 30/03/2019 | 1,80890/- | 1,73562/- |

## മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു നിയമം(2005) പ്രകാരം പഞ്ചായത്തുകളിൽ നിർബന്ധമായും 7 രജിസ്റ്ററുകൾ സൂക്ഷിക്കേണ്ടതാണ് .

1. തൊഴിൽ കാർഡിനുള്ള കുടുംബ അപേക്ഷയുടെ രജിസ്റ്റർ
2. ഗ്രാമസഭ സോഷ്യൽഓഡിറ്റ് മീറ്റിംഗ് രജിസ്റ്റർ
3. തൊഴിൽ ആവശ്യപ്പെട്ടതും തൊഴിൽ കൊടുത്തതും സംബന്ധിച്ച രജിസ്റ്റർ
4. പ്രവർത്തിയുടെ ലിസ്റ്റും ചിലവും വിശദശാംശങ്ങളും സംബന്ധിച്ച രജിസ്റ്റർ
5. സ്ഥിര ആസ്തികളുടെ രജിസ്റ്റർ
6. പരാതി രജിസ്റ്റർ
7. സാധന രജിസ്റ്റർ

## പഞ്ചായത്തിലെ 7 രജിസ്റ്ററുകൾ പരിശോധിച്ചതിൽ നിന്നും കണ്ടെത്തിയ കാര്യങ്ങൾ

### 1. തൊഴിൽ കാർഡിനുള്ള കുടുംബ അപേക്ഷയുടെ രജിസ്റ്റർ

- സെക്രട്ടറി സർട്ടിഫൈ ചെയ്ത കവർ പേജ് രജിസ്റ്ററിനു ഉണ്ടായിരുന്നു.
- പാർട്ട് എ,ബി,സി,ഡി എന്നീ ഫോർമാറ്റുകൾ എം.ഐ.എസിൽ നിന്നും പ്രിന്റ് എടുത്ത് സൂക്ഷിച്ചിരുന്നു.

### 2. ഗ്രാമസഭ സോഷ്യൽഓഡിറ്റ് മീറ്റിംഗ് രജിസ്റ്റർ

- രജിസ്റ്ററിൽ കവർ പേജ് ഉൾപ്പെടുത്തിയിരുന്നില്ല.
- സെക്രട്ടറി പേജുകൾ സാക്ഷ്യപെടുത്തിയിട്ടില്ല.
- ഈ സാമ്പത്തിക വർഷത്തിൽ നടന്ന പ്രൊജക്റ്റ് മീറ്റിംഗ്, 2 ലേബർ ബജറ്റ് മീറ്റിംഗ്, മറ്റ് മീറ്റിംഗുകൾ എന്നിവയുടെ മിനുറ്റ്സ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്.
- 2018 -2019 സാമ്പത്തിക വർഷത്തേക്കുള്ള ലേബർ ബജറ്റ് ഗ്രാമസഭ 15/10/2017ൽ കൂടിയതിന്റെ മിനുട്സ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്.ആട്ടിന്കൂട്നിർമ്മാണം, നടപ്പാത നിർമ്മാണം,

ടോയ്‌ലറ്റ് നിർമ്മാണം, നീത്തടാധിഷ്ഠിത പ്രവർത്തികൾ തുടങ്ങിയ പ്രവർത്തികളാണ് ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിരുന്നത്.

- സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ മിനുറ്റ്സ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.
- വ്യക്തിഗത ഗുണഭോക്താക്കളുടെ പേരുവിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.

**3. തൊഴിൽ ആവശ്യപ്പെട്ടതും തൊഴിൽ കൊടുത്തതും സംബന്ധിച്ച രജിസ്റ്റർ**

- കവർപേജ് ഉണ്ടായിരുന്നില്ല.
- എം.ഐ.എസ് പകർപ്പ് തുടങ്ങിയവ രജിസ്റ്ററിൽ ഉൾപ്പെടുത്തിയിരുന്നു.

**4. പ്രവർത്തിയുടെ ചിലവും വിശദശാംശങ്ങളും സംബന്ധിച്ച രജിസ്റ്റർ**

- കവർപേജ് ഉണ്ടായിരുന്നില്ല.
- എം.ഐ.എസ് പകർപ്പ് രജിസ്റ്ററിൽ ഉൾപ്പെടുത്തിയിരുന്നു.

**5. സ്ഥിര ആസ്തികളുടെ രജിസ്റ്റർ**

- കവർപേജ് ഉണ്ടായിരുന്നില്ല.
- വാർഡുകളിലെ അസെറ്റുകൾ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

**6. പരാതി രജിസ്റ്റർ**

- പരാതി രജിസ്റ്ററിൽ സെക്രട്ടറി സർട്ടിഫൈ ചെയ്ത കവർപേജ് ഉണ്ടായിരുന്നില്ല.
- 12-13,13-14,18-19സാമ്പത്തികവർഷ**ങ്ങളിലെ പരാതികളും പരിഹാര**
- **വും** ഉൾപ്പെടുത്തിയിരുന്നു.

**7. സാധന രജിസ്റ്റർ**

- കവർപേജ് ഉൾപ്പെടുത്തിയിരുന്നില്ല.
- 2018 -2019 വർഷത്തെ രജിസ്റ്ററിൽ ആ വർഷം നടപ്പിലാക്കിയ മിക്ക പദ്ധതികളും കണ്ടെത്താൻ സാധിച്ചില്ല.
- 2019 -2020 ഇലെ രജിസ്റ്ററിൽ പ്രസ്തുത പ്രവർത്തികൾ കാണാൻ സാധിച്ചു.
- എം ഐ എസിൽ നിന്നും വിവരങ്ങൾ പ്രിന്റ് എടുത്തു സൂക്ഷിച്ചിട്ടുണ്ട്.

# ഫയൽ പരിശോധനയിലെ കണ്ടെത്തലുകൾ

## 1.കവർ പേജ്

AMC പ്രകാരമുള്ള കവർ പേജ് പരിശോധിച്ച 12 ഫയലുകളിലും ഉണ്ടായിരുന്നു

.പദ്ധതിയുടെ പേര് MAHATMA GANDHI NATIONAL RURAL EMPLOYMENT GUARANTEE SCHEME എന്നതിന് പകരം MAHATMA GANDHI NATIONAL EMPLOYMENT GUARANTEE SCHEME എന്ന് കാണപ്പെട്ടു.ഈ പദ്ധതി ഗ്രാമപഞ്ചായത്തുകൾക്ക് കീഴിൽ ഉൾപ്പെട്ട പ്രദേശങ്ങളിൽ മാത്രം നടക്കുന്നതിനാൽ RURAL എന്ന വാക്കിന് പ്രാധാന്യം ഉണ്ട്.

പ്രവർത്തിയുടെ പേര്, പ്രവർത്തി അംഗീകരിച്ച വർഷം, ലൊക്കേഷൻ, പദ്ധതി നിർവ്വഹണ ഏജൻസി, എസ്ടിമേറ്റ് കോസ്റ്റ്, ബ്ലോക്ക്,പഞ്ചായത്ത് അസംബ്ലി നിയോജക മണ്ഡലം തുടങ്ങിയവ എല്ലാ ഫയലിലും രേഖപ്പെടുത്തിയിരുന്നു. എക്സ്പെൻഡിച്ചർ, പ്രവർത്തി ആരംഭിച്ച തീയതി, അവസാനിച്ച തീയതി, കാറ്റഗറി മുതലായ വിവരങ്ങൾ മിക്ക ഫയലിലും ഉണ്ടായിരുന്നില്ല.

ചുള്ളിക്കൽ നടപ്പാത നിർമാണം,പച്ചക്കറി കൃഷിക്കായി തരിശു നിലം കൃഷിയോഗ്യമാക്കൽ (P1), ഗ്രൂപ്കൃഷിക്കായി തരിശുനിലം കൃഷിയോഗ്യമാക്കൽ, വലിയപറമ്പിൽ ഗ്രാവൽ റോഡ് നിർമാണം, കാലിതൊഴുത്ത് നിർമാണം (ത്രേസ്യ കോതാട്ട്),കക്കൂസ് നിർമാണം (റീത്ത അറക്കൽ),പച്ചക്കറി കൃഷിക്കായി തരിശുനിലം കൃഷിയോഗ്യമാകൽ (P2), സ്നേഹതീരം തോട് ആഴംകൂടി തീറ്റപ്പുൽ ,രാമച്ചം മുതലായവ വെച്ചുപിടിപ്പിക്കൽ,ഗ്രൂപ്പ് കൃഷിക്കായി തരിശു നിലം കൃഷിയോഗ്യമാകൽ (P3), കക്കൂസ് നിർമാണം (റീത്തമ്മ വർഗീസ് കരിയിൽ) ,ആറാട്ട് കുളം തോട് ആഴംകൂട്ടി വശങ്ങളിൽ തീറ്റപ്പുൽ ,രാമച്ചം മുതലായവ വെച്ചുപിടിപ്പിക്കൽ,ഇത്തിപറമ്പ് തോട് ആഴംകൂട്ടി വശങ്ങളിൽ തീറ്റപ്പുൽ ,രാമച്ചം മുതലായവ വെച്ചുപിടിപ്പിക്കൽ തുടങ്ങിയ പ്രവർത്തികളുടെ ഫയലുകളിൽ ഒന്നും തന്നെ Sr.No of the work in approved shelf of work ജിയോ ടാഗ് ഡീറ്റെയിൽസ്, സോഷ്യൽ ഓഡിറ്റ് വിവരങ്ങൾ തുടങ്ങിയവ 12 ഫയലിലും ഉൾപ്പെടുത്തിയിരുന്നില്ല.

## 2. ചെക്ക് ലിസ്റ്റ്

പരിശോധിച്ച 12 ഫയലുകളിലും പേജ് നമ്പർ രേഖപ്പെടുത്തിയ ചെക്ക് ലിസ്റ്റ് ഉണ്ടായിരുന്നു.

## 3. വാർഷിക കർമ്മ പദ്ധതി

ആക്ഷൻ പ്ലാനിൽ പദ്ധതിയുടെ പേര് ഉൾപ്പെടുന്ന പേജിന്റെ പകർപ്പ്എല്ലാ ഫയലിലും ഉണ്ടായിരുന്നു.

## 4. എസ്റ്റിമേറ്റ്

കവർ പേജ് ഉണ്ടായിരുന്നു. വിശദമായ എസ്റ്റിമേറ്റിൽ അക്രഡിറ്റഡ് എൻജിനിയർ ഒപ്പും തീയതിയും രേഖപ്പെടുത്തിയിരുന്നില്ല. Rate analysis, Abstact Estimate, lead and lift statement, material statement, labour abstract, Estimate report, drawing and design, survey data എന്നിവ ഒരു ഫയലിലും ഉണ്ടായിരുന്നില്ല.

ആയുധങ്ങളുടെ വാടക,രാമച്ചം, തീറ്റപ്പുൽ മുതലായ നടീൽ വസ്തുക്കൾ വാങ്ങാനുള്ള തുക എന്നിവ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരുന്നില്ല. എസ്റ്റിമേറ്റ് ജനകീയ ഭാഷയിൽ ആയിരുന്നില്ല.

പ്രവർത്തി എവിടെയൊക്കെ നടക്കുന്നുവെന്നുള്ള സർവെ നമ്പർ ഉൾപ്പടെയുള്ള വിവരങ്ങൾ ഫയലിൽ ഉണ്ടായിരുന്നു.

## 5.സാങ്കേതികാനുമതി

സാങ്കേതികാനുമതിയിൽ LSGD AE എന്നിവർ ചില ഫയലുകളിൽ ഒപ്പും സീലും രേഖപ്പെടുത്തിയിട്ടില്ല. ചില ഫയലിൽ പഞ്ചായത്തിൽ ലഭ്യമാക്കിയിരുന്ന കോപ്പി ആണ് ഉപയോഗിച്ചിരുന്നത്

## 6. ഭരണാനുമതി

പഞ്ചായത്ത് കമ്മറ്റിയുടെ ഭരണാനുമതി, (സെക്രട്ടറിയുടെ ഒപ്പ്, സീൽ) ഫയലിൽ ഉൾപെടുതിയിട്ടില്ല.എന്നാൽ സെക്രട്ടറിയുടെ നടപടി ക്രമത്തിൽ ഭരണാനുമതി നമ്പറും തീയതിയും രേഖപെടുതിയിരുന്നു

**7.സംയോജിത പദ്ധതിയുടെ വിവരങ്ങൾ**

4 ഫയൽ സംയോജിത പദ്ധതിയില് ഉൾപെട്ടതായിരുന്നു ഈ ഫയലിൽ സംയോജിത പദ്ധതിയുടെ ഫോറം ഉൾപ്പെട്ടിരുന്നു.

**8. ഡിമാൻഡ് ഫോറം**

അനുഛേദം A,B പ്രകാരമുള്ള ഡിമാന്റ് ഫോറം ഒരു ഫയലിലും ഉണ്ടായിരുന്നില്ല.ചില ഡിമാൻഡ് ഫോറങ്ങൾ ഗ്രൂപ്പായി നല്കിയിട്ടുള്ളതാണ്.വ്യക്തിഗത അപേക്ഷക്ക് ANNEXURE 3(A) എന്നും ഗ്രൂപ്പായി ഉള്ള അപേക്ഷക്ക് 3(B) എന്നും രേഖപ്പെടുത്തേണ്ടതാണ് എന്നാൽ അത് ഫയലിൽ കണ്ടെത്താൻ സാധിച്ചില്ല.ഗ്രൂപ്പായി തൊഴിൽ ആവശ്യപ്പെടുന്ന എഴുതി തയ്യാറാക്കിയ ഫോമിൽ തൊഴിലാളികളുടെ പേര് ,തൊഴിൽ കാർഡ് നമ്പർ ,ഒപ്പു എന്നിവ രേഖപ്പെടുത്തിയിട്ടുണ്ട്. തിയതി രേഖപ്പെടുത്തിയിരുന്നു. എന്നാൽ കൈപ്പറ്റ് രസീത് സൂക്ഷിച്ചിരുന്നില്ല.

**9. വർക്ക് അലോക്കേഷൻ ഫോറം.**

അനുഛേദപ്രകാരമുള്ള വർക്ക് അലോക്കേഷൻ ഫോം ഫയലുകളിൽ ഉണ്ടായിരുന്നു.

**10.E-Muster Roll**

മസ്റ്റർറോളിൽ എം ബുക്ക് നമ്പർ, പേജ് നമ്പർ തുടങ്ങിയവ ഇല്ലായിരുന്നു. മേറ്റിന്റെ ഒപ്പു, മസ്റ്റർറോൾ പരിശോധിച്ച ഉദ്യോഗസ്ഥൻറെ ഒപ്പു എന്നിവ ചില ഫയലുകളിൽ രേഖപ്പെടുത്തിയിരുന്നു.BDO, പഞ്ചായത്ത് സെക്രട്ടറി എന്നിവർ തിയതിയില്ലാതെ ഒപ്പും സീലും രേഖപ്പെടുത്തിയിട്ടുണ്ട്. തൊഴിൽ ചെയ്ത തിയതി, ആകെ തൊഴിൽ ചെയ്ത ദിനങ്ങൾ, ആകെ വേതനം എന്നീ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്.ദിവസം രണ്ട് പ്രാവശ്യം തൊഴിലാളികൾ ഹാജർ രേഖപ്പെടുത്തുന്നുണ്ട്. തൊഴിലുപകരണങ്ങളുടെ വാടക രേഖപ്പെടുത്തിയിരുന്നില്ല. M.Roll ൽ ഓവർസിയർ ഒപ്പ് രേഖപ്പെടുത്തിയിരുന്നില്ല.

**11.M- Book**

പരിശോധിച്ച എല്ലാ ഫയലിലും M.Book ഉണ്ടായിരുന്നു.

പ്രവർത്തിയുടെ പേര് എം ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട്.എന്നാൽ വർക്ക് കോഡ് ഉൾപ്പെടുത്തിയിട്ടില്ല. എല്ലാ ഫയലിലെയും എം ബുക്ക് സെക്രട്ടറി സർട്ടിഫൈ ചെയ്തിരുന്നു.എം ബുക്കില് AE,ഓവര്സീർ എന്നിവര് ഒപ്പും സീലും രേഖപെടുതിയിരുന്നു. എല്ലാ ഫയലിലും പഞ്ചായത്ത് സെക്രട്ടറി തുക പാസ്സാക്കിയിട്ടുണ്ട്.എസ്റ്റിമേറ്റ് തുകയും യഥാർത്ഥ ചിലവും തമ്മിലുള്ള വ്യത്യാസം ഒരു ഫയലിലും രേഖപ്പെടുത്തിയിട്ടില്ല.

**12. മെറ്റീരിയൽവാങ്ങിയതുമായി ബന്ധപ്പെട്ട രേഖകൾ**

മെറ്റീരിയൽ ഉൾപ്പെട്ട പ്രവർത്തി ഫയലുകളിൽ മെറ്റീരിയല് വാങ്ങിയതുമായി ബന്ധപെട്ട രേഖകൾ ഉണ്ടായിരുന്നു.

**13. വേജ് ലിസ്റ്റ്**

മസ്റ്ററോൾ പ്രകാരമുള്ള വേജ് ലിസ്റ്റ് എല്ലാ ഫയലിലും ഉണ്ടായിരുന്നു. വെജ് ലിസ്റ്റ് സെക്രട്ടറി സാക്ഷ്യപെടുത്തിയിരുന്നു.

**14. FTO**

വേജ് ലിസ്റ്റ് പ്രകാരമുള്ള FTO എല്ലാ ഫയലിലും ഉണ്ടായിരുന്നു.

**15. മെറ്റീരിയൽ വൗച്ചർ & ബിൽ**

മെറ്റീരിയൽ ഇനത്തിൽ ബോർഡ്,ഗ്രവൽ,സിമന്റ് എന്നിവ വാങ്ങിയതിന്റെ ബില്ലുകൾ ഫയലില് ഉൾപ്പെടുത്തിയിരുന്നു.

**16. റോയൽറ്റി**

റോയൽറ്റി നൽകേണ്ട പ്രവർത്തി ഫയലുകൾ പരിശോധിച്ചിട്ടില്ല.

**17.പ്രവർത്തിയുടെ മൂന്നു ഘട്ടങ്ങളിലെ ഫോട്ടോ**

പ്രവർത്തിയുടെ മൂന്നു ഘട്ടങ്ങളിലെ ഫോട്ടോ ഒരു ഫയലുകളിലും ഉൾപെടുത്തിയിരുന്നില്ല.

**18. പ്രവർത്തി പൂർത്തീകരണ സാക്ഷ്യപത്രം**

പരിശോധിച്ച ഒരു ഫയലിലും പ്രവർത്തി പൂർത്തീകരണ സാക്ഷ്യപത്രം ഉണ്ടായിരുന്നില്ല.

## 19. മസ്റ്ററോൾ മൂവ്മെന്റ് സ്ലിപ്

മസ്റ്ററോൾ മൂവ്മെന്റ് സ്ലിപ്പിൽ പ്രവർത്തിയുടെ പേര്,ബ്ലോക്ക്, പഞ്ചായത്ത്, A.S നമ്പറും, തീയതിയും,T.S നമ്പറും തിയതി എന്നിവ രേഖപെടുത്തിയിരുന്നു. മസ്റ്ററോൾ നമ്പർ,തീയതി, മെഷർമെന്റ് തീയതി MIS ൽ upload ചെയ്ത തീയതി, തൊഴിൽ ദിനങ്ങൾ,സാധനവേതന ഘടകം തുടങ്ങിയവ രേഖപെടുതിയിരുന്നില്ല ജൂനിയർ സൂപ്രണ്ട്,പ്രസിഡന്റ് എന്നിവർ സ്ലിപ്പില് ഒപ്പ് വെച്ചിട്ടുണ്ട്.സെക്രട്ടറി ഒപ്പ് രേഖപെടുത്തിയിരുന്നില്ല.

## 20. ജിയോടാഗ് ഫോട്ടോഗ്രാഫ്

പരിശോധിച്ച ഒരു ഫയലിലും ഉണ്ടായിരുന്നില്ല.

## 21. സോഷ്യൽ ഓഡിറ്റ് റിപ്പോർട്ടിന്റെ പകർപ്പ്

പരിശോധിച്ച ഒരു ഫയലിലും ഉണ്ടായിരുന്നില്ല.

## 22. സൈറ്റ് ഡയറി

പരിശോധിച്ച ഒരു ഫയലിലും സൈറ്റ് ഡയറി ഉണ്ടായിരുന്നില്ല.

# ഫീൽഡ് പരിശോധനയിലെ കണ്ടെത്തലുകൾ

## 1.ചുള്ളിക്കൽ നടപ്പാത നിർമാണം RC/254187

10 തൊഴിലാളികൾക്കായി ആകെ 39 തൊഴിൽ ദിനങ്ങളും അവയുടെ വേതനവും ലഭിച്ചിട്ടുണ്ട്. mbook പ്രകാരം നടപ്പാതയുടെ നീളം 120m ഉം വീതി 1.20m എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഫീൽഡ് പരിശോധനയിൽ 120 മീറ്റർ നീളം ഉണ്ടായിരുന്നു എന്നാൽ വീതി 50cm മാത്രം ആണ് കാണാൻ കഴിഞ്ഞത്.100 മീറ്ററോളം നടപ്പാത നല്ല രീതിയിലാണ് ഉണ്ടായിരുന്നത് എന്നാൽ ബാക്കി ഉള്ള ഭാഗം വെള്ളം നിറഞ്ഞ അവസ്ഥയിലാണ് ഉണ്ടായിരുന്നത്.താഴ്ന്ന പ്രദേശമായതിനാലാണ് വെള്ളം നിൽക്കുന്നത് എന്ന് തൊഴിലാളികൾ അഭിപ്രായപ്പെട്ടു. പ്രദേശവാസി പറഞ്ഞത് തൊഴിലാളികൾ 5 m നടപ്പാത നിർമ്മിച്ച ശേഷം ബാക്കിയുള്ള ഭാഗം ഗ്രാവൽ കൂട്ടി വയ്ക്കുക മാത്രമാണ് ചെയ്തതെന്നും അത് വീട്ടുകാർ സ്വന്തം നിലക്കാണ് നിരത്തി നടപ്പാത ആക്കി മാറ്റിയത് എന്നാണ്. നടപ്പാതക്കായി കൊണ്ടുവന്ന ഗ്രാവൽ മുഴുവനായി ഉപയോഗിചിട്ടില്ല എന്നും അതിനാലാണ് വെള്ളം

നിക്കുന്നത് എന്നുമാണ് അദ്ദേഹം അറിയിച്ചത്. Mbook ൽ ഡിസ്പ്ലേ ബോർഡിന് 5000 രൂപ വകയിരുത്തിട്ടുണ്ട് എന്നാൽ സൈറ്റിൽ കാണാൻ സാധിച്ചില്ല.മേറ്റിരിയൽ രജിസ്റ്ററിൽ ഡിസ്പ്ലേ ബോർഡിന് (BILLNo-535)27/06/2019യിൽ 5000 രൂപ നൽകിയതായി രേഖപ്പെടുത്തിട്ടുണ്ട്. എസ്റ്റിമേറ്റ് തുക 61870/- രൂപയും എം ബുക്ക് പ്രകാരം നൽകിയിട്ടുള്ള തുക 55961/- രൂപയും ആണ്

.എസ്റ്റിമേറ്റും എകസ്പെൻഡിചറും തമ്മിലുള്ള വ്യത്യാസം 5909/- രൂപയാണ്.

**2.പച്ചക്കറി കൃഷിക്കായി തരിശു നിലം കൃഷിയോഗ്യമാക്കൽ (P1) LD/230726**

മസ്ട്രോൾ പ്രകാരമുള്ള 16 തൊഴിൽ ദിനങ്ങളും അവയുടെ വേതനവും ലഭിച്ചിട്ടുണ്ട് .പടവലം ,പീച്ചിൽ ,ചീര,വെണ്ട മുതലായവയാണ് കൃഷിചെയ്തിരുന്നത് .2 തവണ വിളവെടുപ്പ് നടത്തിയിരുന്നു .അതിനുശേഷം മഴപെയ്തു വെള്ളം കയറി കൃഷി നശിച്ചു .കൃഷിയുടെ അവശേഷിക്കുന്ന ഭാഗം സൈറ്റിൽ കാണാൻ കഴിഞ്ഞു .ഡിസ്പ്ലേ ബോർഡ് സൈറ്റിൽ സ്ഥാപിച്ചിട്ടുണ്ട് എന്നാൽ തെങ്ങു വീണു നശിച്ച നിലയിൽ ആയിരുന്നു. എസ്റ്റിമേറ്റ് തുക 90678/- രൂപയും എം ബുക്ക് പ്രകാരം നൽകിയിട്ടുള്ള തുക 73460/- രൂപയും ആണ്

.എസ്റ്റിമേറ്റും എകസ്പെൻഡിചറും തമ്മിലുള്ള വ്യത്യാസം 17218/- രൂപയാണ്.

**3.ഗ്രൂപ്കൃഷിക്കായി തരിശുനിലം കൃഷിയോഗ്യമാകൽ (P4) LD/230730**

പദ്ധതി നടന്ന സ്ഥാലം സന്ദർശിച്ചു 17 തൊഴിലാളികൾക്കായി 341 തൊഴിൽ ദിനങ്ങളും അതിന്റെ വേതനവും ലഭിച്ചിട്ടുണ്ട് .തുടക്കത്തിൽ പടവലം,പീച്ചിൽ,ചീര,മുതലായവ കൃഷിചെയ്ത് 3 തവണ വിളവെടുപ്പ് നടത്തിയിരുന്നു എന്നു തൊഴിലാളികൾ അഭിപ്രായപ്പെട്ടു. നിലവിൽ സൈറ്റിൽ വാഴ,ചേമ്പ് മുതലായവ കാണാൻ സാധിച്ചു. എം ബുക്കിൽ ഡിസ്പ്ലേ ബോർഡിന് പണം വകയിരുത്തിയിട്ടുണ്ട്.എന്നാൽ പ്രവർത്തി സൈറ്റിൽ പാർട്ട് 4 ന്റെ ബോർഡിന് പകരം പാർട്ട് 3 യുടെ ഡിസ്പ്ലേ ബോർഡാണ് കാണാൻ സാധിച്ചത്. എസ്റ്റിമേറ്റ് തുക 155984/- രൂപയും എം ബുക്ക് പ്രകാരം നൽകിയിട്ടുള്ള തുക 95411/- രൂപയും ആണ്

.എസ്റ്റിമേറ്റും എകസ്പെൻഡിചറും തമ്മിലുള്ള വ്യത്യാസം 60573/- രൂപയാണ്.

**4.വലിയപറമ്പ് ഗ്രാവൽ റോഡ് നിർമാണം RC/276160**

മസ്ട്രോൾ പ്രകാരം 11 തൊഴിലാളികൾക്കായി 180 ദിവസത്തെ തൊഴിൽ നല്കിയിരിരിക്കുന്നത്. mbook പ്രകാരം ഉള്ള നീളവും വീതിയും 230 മീറ്ററും 3 മീറ്ററും ആയിരുന്നു.എന്നാൽ ഫീൽഡ് പരിശോധനയിൽ 185 മീറ്റർ നീളം മാത്രം ആണ് കാണാൻ സാധിച്ചത് വീതി mbook പ്രകാരം തുല്യം ആണ്. mbook പ്രകാരം 45 മീറ്ററിന്റെ കുറവ് ഉള്ളതായി കണ്ടെത്തി. മെറ്റീരിയൽ രജിസ്റ്ററിൽ (BILL NO-421) 29/08/2019ൽ ഡിസ്പ്ലേ ബോർഡിന് 5000 രൂപ നൽകിയതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പ്രവർത്തി സ്ഥലത്തു ആയിരുന്നില്ല ബോർഡ് സ്ഥാപിച്ചിരുന്നത്.സൈറ്റിൽ സ്ഥാപിച്ചിരുന്ന ഡിസ്പ്ലേ ബോര്ഡില് വർക്ക് കോഡ് തെറ്റായാണ് രേഖപ്പെടുത്തിയിരുന്നത്. യഥാർത്ഥ വർക്ക് കോഡ് RC/276160 ആയിരുന്നു എന്നാൽ ഡിസ്പ്ലേ ബോർഡിൽ ഇത് RC/271660 എന്നാണ് രേഖപ്പെടുത്തിയിരുന്നത്. എസ്റ്റിമേറ്റ് തുക 386118/- രൂപയും എം ബുക്ക് പ്രകാരം നൽകിയിട്ടുള്ള തുക 375062/- രൂപയും ആണ്
.എസ്റ്റിമേറ്റും എകസ്പെൻഡിചറും തമ്മിലുള്ള വ്യത്യാസം 11056/- രൂപയാണ്.

**5.കാലിതൊഴുത്ത് നിർമാണം (ത്രേസ്യ കോതാട്ട്) IF/365677**

MBOOK പ്രകാരമുള്ള 39 ദിവസത്തെ വേദനവും തൊഴിലും ലഭിച്ചിട്ടുണ്ട്. ഡിസ്പ്ലേ ബോർഡിന് 2000 രൂപ വകയിരുത്തി എങ്കിലും സൈറ്റിൽ കാണാൻ സാധിച്ചില്ല. എസ്റ്റിമേറ്റ് തുക 129247/- രൂപയും എം ബുക്ക് പ്രകാരം നൽകിയിട്ടുള്ള തുക 126853/- രൂപയും ആണ്.
എസ്റ്റിമേറ്റും എകസ്പെൻഡിചറും തമ്മിലുള്ള വ്യത്യാസം 2394/- രൂപയാണ്.

**6.കക്കൂസ് നിർമാണം (റീത്ത അറക്കൽ)RC/365677**

MBOOK പ്രകാരം 12 ദിവസത്തെ തൊഴിൽദിനങ്ങൾ ലഭിച്ചിട്ടുണ്ട് .വേതന ഘടകത്തിൽ 3252 രൂപ യും സാധന ഘടകത്തിൽ 8748 രൂപയും ലഭിച്ചിട്ടുണ്ട്.ഫീൽഡ് പരിശോധനയിൽ പണി പൂർത്തികരിച്ചതായി മനസിലാക്കാൻ സാധിച്ചു. എസ്റ്റിമേറ്റ് തുക 31073/- രൂപയും എം ബുക്ക് പ്രകാരം നൽകിയിട്ടുള്ള തുക 12000/- രൂപയും ആണ്.
എസ്റ്റിമേറ്റും എകസ്പെൻഡിചറും തമ്മിലുള്ള വ്യത്യാസം 19073/- രൂപയാണ്.

**7.പച്ചക്കറി കൃഷിക്കായി തരിശുനിലം കൃഷിയോഗ്യമാകൽ(P2)LD/230728**

Mbook പ്രകാരം 399 തൊഴിൽ ദിനവും അതിന്റെ വേതനവും ലഭിച്ചിട്ടുണ്ട്. തുടക്കത്തിൽ വെണ്ട,ക്യാബേജ്,ചീര,വഴുതന,കോളിഫ്ലവർ

തുടങ്ങിയവയാണ് കൃഷിചെയ്തത്.എന്നാൽ നിലവിൽ കൃഷി ഒന്നും കാണാൻ സാധിച്ചില്ല .വെള്ളം കേറിയതിനെ തുടർന്ന് കൃഷി ചെയ്യാൻ സാധിച്ചില്ല എന്നാണ് തൊഴിലാളികൾ അഭിപ്രായപ്പെട്ടത്. സൈറ്റിൽ ഡിസ്പ്ലേ ബോർഡ് കാണാൻ സാധിച്ചു. എസ്റ്റിമേറ്റ് തുക 120177/- രൂപയും എം ബുക്ക് പ്രകാരം നൽകിയിട്ടുള്ള തുക 111129/- രൂപയും ആണ്.
എസ്റ്റിമേറ്റും എകസ്പെൻഡിചറും തമ്മിലുള്ള വ്യത്യാസം 9048/- രൂപയാണ്.

**<u>8.സ്നേഹതീരം തോട് ആഴംകൂടി തീറ്റപ്പുൽ ,രാമച്ചം മുതലായവ വെച്ചുപിടിപ്പിക്കൽ WH/225888</u>**

543 തൊഴിൽ ദിനങ്ങളും വേതനവും ലഭിച്ചിട്ടുണ്ട്. തോട് നന്നായി വെട്ടിയിട്ടുണ്ട് എന്നാൽ തോടിന്റെ വശങ്ങളിൽ തീറ്റപുല്ല് ,രാമച്ചം മുതലായവ കാണാൻ സാധിച്ചില്ല.വെള്ളം കേറി നശിച്ചതായി തൊഴിലാളികൾ അഭിപ്രായപ്പെട്ടു.തൊഴിലാളികൾ പണം മുടക്കിയാണ് തീറ്റപുല്ല് ,രാമച്ചം മുതലായവ കൊണ്ടു വന്നു നട്ടത്.എന്നാൽ അവർ അതിന്റെ ബിൽ സൂക്ഷിച്ചിട്ടില്ല.MBOOK പ്രകാരം 5000 രൂപയുടെ ഡിസപ്ലെ ബോർഡ് സൈറ്റിൽ സ്ഥാപിച്ചിട്ടുണ്ട്.സൈറ്റിൽ സ്ഥാപിച്ചിരുന്ന ഡിസ്പ്ലേ ബോര്ഡില് വർക്ക് കോഡ് തെറ്റായാണ് രേഖപ്പെടുത്തിയിരുന്നത്.യഥാർത്ഥ വർക്ക് കോഡ് WH/225888 ആയിരുന്നു എന്നാൽ ഡിസ്പ്ലേ ബോർഡിൽ ഇത് WH/225886 എന്നാണ് രേഖപ്പെടുത്തിയിരുന്നത്. എസ്റ്റിമേറ്റ് തുക 174944/- രൂപയും എം ബുക്ക് പ്രകാരം നൽകിയിട്ടുള്ള തുക 152153/- രൂപയും ആണ്
.എസ്റ്റിമേറ്റും എകസ്പെൻഡിചറും തമ്മിലുള്ള വ്യത്യാസം 22791/- രൂപയാണ്.

**<u>9.ഗ്രൂപ്പ് കൃഷിക്കായി തരിശു നിലം കൃഷിയോഗ്യമാകൽ(P3)LD/230729</u>**

Mbook ൽ തൊഴിൽ ദിനങ്ങൾ 352 എന്നും ഡിസ്പ്ലേ ബോർഡിൽ 437 എന്നുമാണ് രേഖപ്പെടുത്തിയിരിക്കുന്നത്.mbook പ്രകാരമുള്ള 352 തൊഴിൽ ദിനങ്ങളും അതിന്റെ വേതനവും ലഭിച്ചിട്ടുണ്ട് എന്നു മനസിലാക്കാൻ സാധിച്ചു. തുടക്കത്തിൽ പയർ, പീച്ചിൽ, വെണ്ട, വെള്ളരിക്ക മുതലായവ ആണ് കൃഷി ചെയ്തത് വിളവെടുപ്പും നടത്തിയിരുന്നു.അതിൽ ചിലത് വെള്ളം കയറിയപ്പോൾ നശിച്ചതായും തൊഴിലാളികൾ അഭിപ്രായപ്പെട്ടു.നിലവിൽ വെണ്ട, പയർ മുതലായവ ആണ് അവിടെ ഉണ്ടായിരുന്നത്.ഡിസ്പ്ലേ ബോർഡ് കണ്ടെത്താൻ സാധിച്ചില്ല.പാർട്4 ൽ ആണ് പാർട് 3യുടെ ഡിസ്പ്ലേ ബോർഡ് ഉണ്ടായിരുന്നത്.ഡിസ്പ്ലേ ബോർഡിൽ വേതന ഘടകമായി 118397

എന്നും .mbook ൽ 95392 എന്നുമാണ് കാണിച്ചിരിക്കുന്നത്. എസ്റ്റിമേറ്റ് തുക 121397/- രൂപയും എം ബുക്ക് പ്രകാരം നൽകിയിട്ടുള്ള തുക 98392/- രൂപയും ആണ്.
എസ്റ്റിമേറ്റും എകസ്പെൻഡിചറും തമ്മിലുള്ള വ്യത്യാസം 23005/- രൂപയാണ്.

**10 .കക്കൂസ് നിർമാണം (റീത്തമ്മ വർഗീസ് കരിയിൽ) RS/337964**

ഫീൽഡ് പരിശോധനയിൽ പണി പൂർത്തികരിച്ചതായും പദ്ധതി പ്രകാരം അനുവതിച്ച മുഴുവൻ തുകയും തൊഴിലാളിക്ക് ലഭിച്ചതായി അറിയാൻ സാധിച്ചു. എസ്റ്റിമേറ്റ് തുക 29272/- രൂപയും എം ബുക്ക് പ്രകാരം നൽകിയിട്ടുള്ള തുക 12000/- രൂപയും ആണ്.
എസ്റ്റിമേറ്റും എകസ്പെൻഡിചറും തമ്മിലുള്ള വ്യത്യാസം 17272/- രൂപയാണ്.

**11.ആറാട്ട് കുളം തോട് ആഴംകൂട്ടി വശങ്ങളിൽ തീറ്റപ്പുൽ ,രാമച്ചം മുതലായവ വെച്ചുപിടിപ്പിക്കൽ WH/226220**

ആറാട്ട് കുളം തോടിന്റെ ഫീൽഡ് പരിശോധനയിൽ .തോട് ആഴം കൂട്ടിയിട്ടുണ്ട്.വശങ്ങളിൽ തീറ്റപ്പുൽ ,രാമച്ചം മുതലായവ കാണാൻ സാധിച്ചില്ല. തീറ്റപ്പുൽ, രാമച്ചം മുതലായവ അവിടെ കൃഷിയോഗ്യം അല്ല എന്നും ആണ് തൊഴിലാളികളുടെ അഭിപ്രായം .ഡിസ്‌പ്ലേ ബോർഡ് സൈറ്റിൽ കാണാൻ കഴിഞ്ഞില്ല. തൊഴിലാളികൾക്കു വേതനവും പദ്ധതി പ്രകാരം ഉള്ള തൊഴിൽ ദിനവും ലഭിച്ചിട്ടുണ്ട്.
മെറ്റീരിയൽ രജിസ്റ്ററിൽ ഡിസ്‌പ്ലേ ബോർഡിന് (BILLNO-506) 06/09/2019 ൽ തുക(3000) വകയിരുത്തിയിട്ടുള്ളതായി മനസ്സിലാക്കാൻ സാധിച്ചു. എസ്റ്റിമേറ്റ് തുക 125365/- രൂപയും എം ബുക്ക് പ്രകാരം നൽകിയിട്ടുള്ള തുക 95953/- രൂപയും ആണ്
.എസ്റ്റിമേറ്റും എകസ്പെൻഡിചറും തമ്മിലുള്ള വ്യത്യാസം 29412/- രൂപയാണ്.

**12.ഇത്തിപറമ്പ്തോട് ആഴംകൂട്ടി വശങ്ങളിൽ തീറ്റപ്പുൽ, രാമച്ചം മുതലായവ വെച്ചുപിടിപ്പിക്കൽ WH/225892**

ഇത്തിപറമ്പ് തോടിന്റെ ഫീൽഡ് പരിശോധനയിൽ തോട് ആഴം കൂട്ടിയിട്ടുണ്ട്.വശങ്ങളിൽ തീറ്റപ്പുൽ ,രാമച്ചം മുതലായവ കാണാൻ സാധിച്ചില്ല. തീറ്റപ്പുൽ ,രാമച്ചം മുതലായവ അവിടെ കൃഷിയോഗ്യം അല്ല എന്നു ആണ് തൊഴിലാളികളുടെ അഭിപ്രായം.ഡിസ്‌പ്ലേ ബോർഡ് സൈറ്റിൽ കാണാൻ കഴിഞ്ഞു.തൊഴിലാളികൾക്കു വേതനവും പദ്ധതി

പ്രകാരം ഉള്ള തൊഴിൽ ദിനവും ലഭിച്ചിട്ടുണ്ട്. എസ്റ്റിമേറ്റ് തുക 180890/- രൂപയും എം ബുക്ക് പ്രകാരം നൽകിയിട്ടുള്ള തുക 173562/- രൂപയും ആണ് .എസ്റ്റിമേറ്റും എകസ്പെൻഡിചറും തമ്മിലുള്ള വ്യത്യാസം 7328/- രൂപയാണ്.

## അവകാശനിഷേധങ്ങൾ

തൊഴിലുറപ്പ് നിയമ പ്രകാരം തൊഴിലാളികൾക്ക് ലഭിക്കേണ്ട തൊഴിലിട സൌകര്യങ്ങളായ തണൽ, പ്രഥമ ശുശ്രൂഷ കിറ്റ്, കുടിവെള്ളം എന്നിവ തൊഴിലിടങ്ങളിൽ കാണാൻ കഴിഞ്ഞില്ല. തൊഴിലാളികൾ സ്വന്തം നിലയിൽ പിരിവ് എടുത്ത് ഇത്തരം സൌകര്യങ്ങൾ ഉറപ്പാക്കുന്നു. പണിയായുധങ്ങളുടെ വാടക തൊഴിലാളികൾക്ക് വർഷങ്ങളായി ലഭിക്കുന്നില്ല. തൊഴിൽ ആവശ്യപ്പെട്ടതിനുള്ള രസീത് ഒരു ഫയലിലും കാണാൻ കഴിഞ്ഞില്ല. പ്രവർത്തി സ്ഥലത്തുവച്ച് അപകടങ്ങൾ ഉണ്ടായാൽ അതിന്റെ ചികിത്സാചെലവ് (എത്ര രൂപയാലും,ഏതു തരത്തിലുള്ള ആശുപത്രിയായാലും) പദ്ധതി നിർവഹണ ഏജൻസി നൽകണം എന്നുള്ളതാണ് നിയമം.എന്നാൽ ഈ തുക ലഭിക്കാറില്ല എന്നാണ് തൊഴിലാളികൾ അഭിപ്രായപ്പെട്ടത്.

## നിരീക്ഷണങ്ങളും കണ്ടെത്തലുകളും

ജോബ് കാർഡിൽ തൊഴിലാളികൾ ജോലി ചെയ്തതും വേതനം ലഭിച്ചതുമായ വിവരങ്ങൾ പലയിടങ്ങളിലും രേഖപ്പെടുത്തിയിട്ടില്ല. പാസ് ബുക്ക് കൃത്യമായി പതിപ്പിച്ചിട്ടില്ല. പല പ്രവർത്തിസ്ഥലത്തും സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് ഉണ്ടായിര്ന്നില്ല.

തോട് ആഴം കൂട്ടൽ,റോഡ് നിർമാണം,നടപ്പാത നിർമാണം, ക്ഷീരകര്ഷകര്ക്കായി തീറ്റപുല്ല് കൃഷി,കാലി തൊഴുത്തുനിർമാണം തുടങ്ങിയ വ്യത്യസ്തമായ പദ്ധതികൾ നടപ്പിലാക്കാൻ ശ്രമിച്ചിട്ടുണ്ട്.

തൊഴിലാളികൾ സ്വന്തം കൈയ്യിൽ നിന്നും പണം പിരിച്ചാണ് വിത്തുകളും വളവും വാങ്ങിയത്, മസ്ട്രോള് ഇല്ലാതെ തൊഴിലാഴികളെ കൊണ്ട് ശുചികരണ പ്രവർത്തനങ്ങൾ നടത്താറുണ്ട്.മസ്ട്രോള് ഇല്ലാത്ത പ്രവർത്തനങ്ങളിൽ ഏർപ്പെടാത്ത തൊഴിലാളികൾക്കു പിന്നീട് തോഴി അനുവദിക്കില്ല എന്ന നയമാണ് അധികൃതർക്കുള്ളത്.ഇതിനെ പറ്റി തൊഴിലാളികൾ പരാതി ഉന്നയിച്ചിരുന്നു. പരിമിതമായ സാഹചര്യങ്ങളിൽ നിൽക്കുമ്പോഴും തങ്ങളാൽ കഴിയുന്ന വിധം നന്നായിത്തന്നെ പ്രവർത്തികൾ ചെയ്യാൻ തൊഴിലാളികൾ ശ്രമിച്ചിട്ടുണ്ട്.ഇതിനുവേണ്ട സഹായങ്ങൾ പദ്ധതി നിർവഹണ ഏജൻസി നല്കാൻ ശ്രമിച്ചിട്ടുണ്ട് .

## ഏറ്റെടുക്കാവുന്ന പ്രവർത്തികൾ

- നവീകരിക്കാത്ത തോടുകളുടെ നവീകരണം
- കടലോരപ്രദേശങ്ങളിൽ കണ്ടൽകാട് വച്ചുപിടിപ്പിക്കൽ
- കളിസ്ഥല നിർമാണം
- തെങ്ങിന് തടം തുറക്കൽ
- ഇന്റർലോക്ക് ടൈൽ റോഡ് നിർമാണം
- തോടിന്റെ വശങ്ങളിൽ തീറ്റപ്പുല്ല് ,രാമച്ചം എന്നിവയ്ക്കു പകരം കണ്ടൽകാട് വച്ച് പിടിപ്പിക്കൽ
- ഫാം പോണ്ട് നിർമാണം

# സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ മിനുട്സ്

കടക്കരപ്പള്ളി ഗ്രാമപഞ്ചായത് വാർഡ് 2(ഇല്ലിക്കൽ സോഷ്യൽ ഓഡിറ്റ് ( ഗ്രാമസഭ12/11/2019 രാവിലെ 10:30 മുതൽ പാട്ടണശ്ശേരി ഫ്രാൻസിസ് ന്റെ വസതിയിൽ വെച്ചു നടന്നു ഗ്രാമസഭക്ക് തൊഴിലാളികളായ ശ്രീമതി മേരി . യോഗത്തിന് . ഈശ്വര പ്രാർത്ഥനയോടെ ആരംഭിച്ചു.. അധ്യക്ഷത വഹിച്ചു ഓവർ . വാർഡ് മെമ്പർ ശ്രീമതി പ്രീജ ഫ്രാൻസിസ് സ്വാഗതം ആശംസിച്ചു സീർ,വാർഡ് മെമ്പർ,മേറ്റ് മാർ , vrp മാർ തുടങ്ങിയ 117 പേർ പങ്കെടുത്തു.

1/10/2018 മുതൽ 31/3/2019 വരെ പൂർത്തികരിച്ച 12 പ്രവർത്തികളും സോഷ്യൽ ഓഡിറ്റിന് വിധേയമാക്കിയത്തൊഴിലുറപ്പു പദ്ധതിയിൽ . നടപ്പിലാക്കുന്ന സോഷ്യൽ ഓഡിറ്റിങ്ങിനെ കുറിച്ചും തൊഴിലുറപ്പ് നിയമ പ്രകാരം തൊഴിലാളിക്ക് ലഭിക്കേണ്ട10 അവകാശങ്ങളെയും ,സോഷ്യൽ ഓഡിറ്റിങ്ങിന് വിധേയമാകിയ പ്രവർത്തികളും ഫയൽ ,ഫീൽഡ് പരിശോധനയിലെ കണ്ടെത്തലുകളും റിസോർസ് പേഴ്സൻ അവതരിപ്പിച്ചു.

കരട് ഓഡിറ്റ് റിപോർട്ടിൽ വാർഡ് 2 ൽ തൊഴിലിന് അപേക്ഷിച്ചതിന്റെ കൈപറ്റ് രസീത് ഫയലിൽ കണ്ടെത്താൻ കഴിഞ്ഞില്ലന്നും ,തൊഴിലിട സൗകര്യങ്ങൾ ലഭിക്കുന്നില്ല എന്നും,എസ്റ്റിമേറ്റ് ,mbookപ്രകാരമുള്ള പ്രവർത്തികളിൽ ഫീൽഡ് പരിശോധനയിൽ കണ്ടെത്തിയ വ്യത്യാസം ചൂണ്ടികാണിക്കുന്നതിനോടൊപ്പം ഡിസ്പ്ലേ ബോർഡ് സ്ഥാപിക്കുന്നതിൽ ഉണ്ടായ പാകപിഴകളെക്കുറിച്ചും,ഭരണാനുമതിയുടെ കോപ്പി ഫയലിൽ സൂക്ഷിക്കണം എന്നും നിർദ്ദേശിച്ചു ലും മായി തുടർന്ന് ഫയാലിലും ഫീൽഡ്. . കണ്ട കാര്യങ്ങൾ വിശദമായി ഗ്രാമസഭയിൽ ചർച്ച ചെയ്തു

## പൊതു ചർച്ചയിൽ പങ്കെടുത്ത തൊഴിലാളികളും പദ്ധതിയുടെ പേരും

*ചുള്ളിക്കൽ നടപ്പാത

1.അനുരാധ -:3ലോഡ് പൂഴി ലഭിച്ചത് മുഴുവൻ അതേ കനത്തിൽ ആണ് ഇട്ടെതെങ്കിലും മഴയിൽ ഒലിച്ചു പോയി സഹായത്തിനായി ഒരാളെ പോലും . ആയുധങ്ങൾ സ്വന്തം . ഡിസ്പ്ലേ ബോർഡ് സ്ഥാപിച്ചിട്ടില്ല. ലഭിച്ചിട്ടില്ല . നിലക്കായി ആണ് വാങ്ങിയത്

2.ലൈലാമ്മ ഏറ്റം വന്ന നടപതായിൽ മുഴുവാനും വെള്ളം -:(മേറ്റ്) . കയറും അതുമുഖം പൂഴി ഒലിച്ചു പോകും

3.നേശമാണി ചുള്ളിക്കൽ ത)റ തൊഴിലാളികൾ ആരെയെങ്കിലും -:( സഹായത്തിനു നൽകണമെന്നു ആവശ്യപ്പെട്ടിരുന്നെങ്കിലും നൽകാൻ .സാധിച്ചില്ല

വെള്ളം നിൽക്കുന്ന പ്രദേശങ്ങളിൽ കുറച്ചു പൂഴി മാത്രമാണ് ഇട്ടിരുന്നത്.

പച്ചക്കറി കൃഷി )p1)
1. മനിപ്രവർത്തിയിൽ ഏർപെട്ടിട്ടില്ലങ്കിലും തൊഴിലാളികൾ :(കുന്നുംപുറത്ത്) പ്രവർത്തി ചെയ്തത് കണ്ടിരുന്നു അതിൽ നിന്നും നല്ല അഭിപ്രായമാണ് .
. പ്ലേ ബോർഡ് തെങ്ങു വീണു നശിച്ചു പോയിരുന്നുഡിസ്. ഉള്ളത്

പച്ചക്കറികൃഷി)p4)
ജയസതീശൻ പാർട്. പ്ലേ ബോർഡ് സൈറ്റ് മാറിയാണ് സ്ഥാപിച്ചിരുന്നത്ഡിസ്: 3 യുടെ ബോർഡ് പാർട് 4 ൽ ആണ് സ്ഥാപിച്ചിരുന്നത് തൊഴിലാ.ളികൾക്ക് ഇതേ കുറിച്ചു ധാരണയില്ലാത്തതിനാൽ ഇത്തരത്തിലുള്ള പ്രശ്നങ്ങൾ ഉണ്ടാകുന്നുമീറ്റിംഗിൽ പലപോഴും.
തൊഴിലാളികൾ പങ്കെടുക്കാത്തതിനാൽ പദ്ധതിയെ കുറിച്ചുള്ള അവ്യക്തത പലർക്കും ഉണ്ട് .

2.ടിന്റു . പ്ലേ ബോർഡ് മാറ്റി സ്ഥാപിച്ചത് മേറ്റിനെ അറിയിച്ചിരുന്നുഡിസ്-:
3.അനുരാധ തൊഴിലാളികളുടെ അവകാശങ്ങൾ ഒന്നും തന്നെ ലഭിക്കാറില്ല-: സെമി / കിൽഡ്വലിയപറമ്പിൽ ഗ്രാവൽ റോഡിന്റ് പ്രവർത്തിയിൽ സ്. കിൽഡ് തൊഴിലാളികൾ പണി ചെയ്തതായി തൊഴിലാളികൾക്ക് ആർക്കും സ് . തന്നെ അറിയില്ല
4.ത്രേസ്യ കോതാട്ട് പണി . മെറ്റീരിയൽ തുക ലഭിച്ചിട്ടുണ്ട്-:
പൂർത്തികരിച്ചിട്ടുണ്ട് .
*.ഗ്രൂപ്പ് കൃഷി p2

1.ഷൈലമ്മ ക്യാരറ്റ്-:,ബീറ്റ്റൂട്ട്,വഴുതന ,ചീര ,വെണ്ട തുടങ്ങിയവ എല്ലാം കൃഷി ചെയ്തിരുന്നുനല്ല രീതിയിൽ പലതവണ. വിളവെടുത്തു .

*സ്നേഹതീരം തോട്

1.ഡെൽഫി ജോർജ് രാമച്ചം-:,തീറ്റപ്പുൽ ,മുതലായവ കൃഷിയോഗ്യം അല്ല വേതനം കൃത്യമായി.എല്ലാവർക്കും ലഭിച്ചിട്ടുണ്ട് .
*ഗ്രൂപ്പ് കൃഷി പാർട് 3
1.ടിന്റു -:36 ദിവസത്തെ പണി ലഭിച്ചിരുന്നു ചീര.,വെണ്ട, തുടങ്ങിയവയാണ് കൃഷിചെയ്തിരുന്നത് പലതും നശിച്ചു പോയി പ്ലേ ബോർഡ് ലഭിച്ചിട്ടില്ലഡിസ്. .ലഭ്യമാക്കണം.
2.ലൈലാമ്മ വേതനം എല്ലാർക്കും ലഭിച്ചിട്ടുണ്ട്-:യാത്രകൂലി മേറ്റ് മാർക് ലഭിക്കാറില്ല മുസ്ട്രോളും മറ്റും പഞ്ചായത്തിൽ കൊടുക്കാൻ പോകുബോൾ. തൊഴിലാളികൾ പിരിവ് എടുത്താണ് യാത്ര ചിലവ് കണ്ടെത്തുന്നത് മസ്ട്രോൾ ഇല്ലാതെ പണിയ്ക്ക്. നിർത്താറുണ്ട് .
3.ജോളി ,സുനിത ക്ലീനിംഗ് ന് എത്താത്തതിനാൽ മുസ്ട്രോളിൽ പേര് -: ഉൾപ്പെടുത്തിയിട്ടില്ല .

## മറുപടി

ജയശ്രീ (ഓവർ സീർ )

1.ചുള്ളിക്കൽ നടപ്പാത ചതുപ്പു പ്രദേശം ആയതിനാൽ കൂടുതൽ ആഴത്തിൽ -: മെറ്റീരിയൽ ഉപയോഗിക്കേണ്ടി വന്നു എന്നും അതിനാൽ അണ് റോഡിന്റെ ഗ്രാവൽ കുറവാണെന്നു പലതവണ പഞ്ചായത്തിൽ .നീളം കുറക്കേണ്ടി വന്നത് അറിച്ചെങ്കിലും പരിഹാരം ഉണ്ടായില്ല.

2.100 തൊഴിൽ ദിനങ്ങൾ ഒട്ടുമിക്ക തൊഴിലാളികൾക്കും ഉറപ്പുവരുത്താൻ പരിശ്രമിച്ചിട്ടുണ്ട്
3.തൊഴിലിട സൗകര്യങ്ങൾ ആദ്യകാലങ്ങളിൽ നൽകിയിരുന്നുഇപ്പോൾ ഒരു . വേതനം നൽകാൻ വൈകുന്നത് കേന്ദ്രത്തിൽ . പഞ്ചായത്തിലും നൽകാറില്ല .നിന്നും ഫണ്ട് ലഭിക്കാത്തതിനാൽ ആണ്

4.ഫയലിലെ പോരായ്മകൾ പരിഹരിക്കുന്നതാണ്.
5.പ്രവർത്തി പൂർത്തികാരണ സാക്ഷ്യ പത്രം പ്രവർത്തി പൂർത്തി കരിച്ചതിനു ശേഷമാണ് വെയ്ക്കുന്നത് .
6.സൈറ്റ് ഡയറി നൽകാറുണ്ട് എന്നാൽ 22 രേഖകളിൽ സൈറ്റ് ഡയറി പറയാത്തതിനാൽ ആണ് സൈറ്റ് ഡയറി ഫയലിൽ ഉള്പെടുത്താത്തത് .
7.വലിയ പറബ് റോഡിന്റെ പ്രവർത്തിയിൽ മുസ്ട്രോളിൽ ഉൾപ്പെട്ട സ്കിൽഡ്. കിൽഡ് തൊഴിലാളികളെ കോണ് ട്രാക്ടർ നൽകിയതാണ്സെമിസ്/

## തീരുമാനങ്ങൾ

1.ഡിസ്പ്ലേ ബോർഡുകളുടെ കാര്യത്തിൽ ഉണ്ടായ വീഴ്ചകൾ പരിഹരിച് വരും കാലങ്ങളിൽ കൃത്യമായി പദ്ധതി ഇടങ്ങളിൽ തന്നെ ഡിസ്പ്ലേ ബോർഡ് സ്ഥാപിക്കുന്നു എന്നു ഉറപ്പുവരു.ത്താൻ തീരുമാനിച്ചു .

2.തൊഴിലിട സൗകര്യങ്ങൾ ആയ പ്രഥമ ശുശ്രൂഷ കിറ്റ് ,തണൽ, കുടിവെള്ളം,പണി ആയുധങ്ങളുടെ വാടക എന്നിവ നൽകുന്നതിന് തീരുമാനിച്ചു.

3.ബന്ധപ്പെട്ട ഉദ്യോഗസ്ഥർ പദ്ധതി സ്ഥലങ്ങൾ ഇടയ്ക്കിടെ സനർശികും എന്നും പ്ലേ ബോർഡ്കൾ സ്ഥാപിക്കും എന്നും ഉറപ്പുഡിസ്.നൽകി.

4.പദ്ധതി ആരംഭിക്കുന്നതിനു മുൻപ് പദ്ധതിയെ കുറിച്ച് കൃത്യമായ ധാരണ തൊഴിലാളികൾക്ക് നൽകണം എന്നും എസ്റ്റിമേറ്റ് ജനാകിയ ഭാഷയിൽ തയ്യാറാക്കുന്നകാര്യം പരിഗണികപെടണം എന്നും തീരുമാനിച്ചു.

5.100 തൊഴിൽ ദിനങ്ങൾ ഓരോ വർഷം ഉറപ്പുവരുത്താൻ ആവുന്ന നടപടികൾ കൈക്കൊള്ളാൻ തീരുമാനിച്ചു.

ഓഡിറ്റ് റിപ്പോർട്ട് ഗ്രാമസഭ അംഗീകരിക്കുകയും സതി പരമേശ്വരൻ എന്ന തൊഴിലാളി നന്ദി രേഖപ്പെടുത്തുകയും ചെയ്തശേഷം ഉച്ചയ്ക്.1:30ന് സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ യോഗം അവസാനിച്ചു .

BRP :- സീന കെ ആർ

VRPs :- വ്യാസൻ എൻ എൽ, അശ്വതി ടി എസ്, ആതിര എസ് വി, അനുപമ ആർ, ഗ്രീഷ്മ ജി മോൾ, ശ്രുതി എസ്, അശ്വതി എസ്